**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2078** | **03-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ-കോളേജ് കാമ്പസുകളിലെ റാഗിങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 -ലെ സർക്കാർ മുതൽ നാളിതുവരെ സ്കൂൾ-കോളേജ് കാമ്പസുകളിൽ നടന്ന റാഗിങ് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവ ഓരോന്നിലെയും പ്രതികൾ ആരായിരുന്നുവെന്നും എന്ത് നിയമ നടപടികളാണ് സ്വീകരിച്ചതെന്നും വെളിപ്പെടുത്തുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഇക്കാലയളവിൽ റാഗിങ്ങിനെ തുടർന്ന് എത്ര പേർ മരണപ്പെട്ടുവെന്നും, മരണപ്പെട്ടവർ ആരെല്ലാമാണെന്നും ഇതിൽ ഓരോന്നിലെയും പ്രതികൾ ആരെല്ലാമായിരുന്നുവെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | 2016-ലെ സർക്കാർ മുതൽ നാളിതുവരെ (25.05.2016 മുതൽ 24.02.2025 വരെ) സ്കൂൾ - കോളേജ് കാമ്പസ്സുകളിൽ നടന്ന റാഗിംഗിനെ തുടർന്ന് സംസ്ഥാനത്ത് ആരും മരണപ്പെട്ടിട്ടില്ല. |
| (സി) | ഈ അടുത്തകാലത്ത് കോട്ടയത്ത് നഴ്സിങ് കോളേജിൽ നടന്ന റാഗിങ്ങിനെ തുടർന്നു വിദ്യാർത്ഥി ക്രൂര മർദ്ദനമേറ്റ കേസിൽ ഉത്തരവാദികളായ വിദ്യാർത്ഥികളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലാണ്; ആരെല്ലാമാണ് പ്രതികളെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അറിയിക്കാമോ; | (സി) | കോട്ടയം ഗവൺമെന്റ് നഴ്സിംഗ് കോളേജിലെ സംഭവവുമായി ബന്ധപ്പെട്ട ഗാന്ധിനഗർ പോലീസ് ക്രൈം നം.229/2025, Kerala Prohibition of Ragging Act ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ഇതിലെ പ്രതികളായ A1: Samuel Johnson, A2: Rahul Raj, A3: Jeeva, A4: Rijil Jith, A5: Vivek N.V എന്നിവരെ 12.02.2025-ൽ നിയമാനുസരണം അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ച് വരുന്നതുമാണ്. ഈ കേസിന്റെ അന്വേഷണം നടന്നു വരുന്നു. |
| (ഡി) | സ്കൂൾ-കോളേജ് കാമ്പസുകളിൽ നടക്കുന്ന റാഗിങ് നിയമം മൂലം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | The Kerala Prohibition of Ragging Act-1998 പ്രകാരം സ്കൂൾ- കോളേജ് ക്യാമ്പസ്സുകളിലും, UGC REGULATIONS ON CURBING THE MENACE OF RAGGING IN HIGHER EDUCATIONAL INSTITUTIONS, 2009 എന്ന നിയമപ്രകാരം ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലും റാഗിംഗ് നിരോധിച്ചിട്ടുണ്ട്. The Kerala Prohibition of Ragging Act-1998 പ്രകാരം റാഗിങ് നടന്നതായി തെളിയിക്കപ്പെട്ടാൽ രണ്ടുവർഷം |

| | | | |
|---|---|---|---|
| | | | വരെ തടവും 10,000 രൂപ പിഴയും ലഭിക്കുന്നതാണ്. റാഗിങ്ങിൽ പങ്കെടുക്കുന്നവരും പ്രോൽസാഹിപ്പിക്കുന്നവരും കുറ്റക്കാരാണ്. |
| (ഇ) | ഇത്തരത്തിൽ മനുഷ്യത്വ രഹിതവും ക്രൂരവുമായി റാഗിങ് നടത്തുന്നവരെ തുടർപഠനത്തിൽ നിന്നും തടയുന്നതിനും റാഗിങ് കാംപസുകളിൽ നിന്നും പൂർണ്ണമായും തുടച്ചുനീക്കുന്നതിനും സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ? | (ഇ) | ക്യാമ്പസ്സുകളിൽ നിന്നും റാഗിങ് തുടച്ച് നീക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിങ് വിരുദ്ധ കമ്മറ്റികളും സ്ക്വാഡുകളും രൂപീകരിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ANTI RAGGING CELL രൂപീകരിച്ച് റാഗിങ് സംഭവങ്ങൾ തുടക്കത്തിൽ തന്നെ റിപ്പോർട്ട് ചെയ്യുന്നതിനും റാഗിങ് നടത്തുന്നവർക്കെതിരെ കേസെടുത്ത് കർശന നിയമ നടപടികൾ സ്വീകരിച്ച് അവരെ തുടർ പഠനത്തിൽ നിന്നും തടയുന്നതിനും വേണ്ട നിയമനടപടികൾ സ്വീകരിച്ച വരുന്നുണ്ട്. കോളേജുകളിൽ അഡ്മിഷൻ എടുക്കുന്ന സമയത്ത് ഓരോ വിദ്യാർത്ഥിയും, ടി നിയമത്തിലെ വ്യവസ്ഥകൾ വായിച്ച് മനസിലാക്കിയിട്ടുണ്ടെന്നും റാഗിങ്ങിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ചും റാഗിങിൽ ഏർപ്പെട്ടാൽ ഉണ്ടാകാനിടയുള്ള ഭവിഷ്യത്തിനെ സംബന്ധിച്ചും താൻ ബോധവാനാണെന്നും സാക്ഷ്യപ്പെടുത്തുന്ന ഒരു അണ്ടർടേക്കിങ് പൂരിപ്പിച്ച് സമർപ്പിക്കുന്നുണ്ട്. പല കോളേജുകളിലും എൻ.എസ്.എസിന്റെ സജീവമായ പങ്കാളിത്തത്തോടെ റാഗിങ് വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>എല്ലാ വിദ്യാർത്ഥികളും കോളേജിൽ പ്രവേശനം നേടുന്ന അവസരത്തിൽ, റാഗിങ് നടത്തുകയോ റാഗിങ്ങിന് പിന്തുണ നൽകുകയോ ചെയ്യില്ല എന്നുള്ള പ്രതിജ്ഞയിൽ വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും ഒപ്പുവച്ച് ശേഖരിച്ച് കോളേജുകളുടെ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ട്. റാഗിങ്ങിന് വിധേയമാവുകയോ റാഗിങ് നടന്നതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ വിദ്യാർത്ഥികൾക്ക് പരാതി അറിയിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്റെ വിവരവും ഫോൺ നമ്പറും കോളജുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെ അജ്ഞാത പരാതികൾ രജിസ്റ്റർ ചെയ്യുവാനും സൗകര്യമുണ്ട്. എല്ലാ കോളേജ് കാമ്പസ്സുകളിലും വിവിധ ഭാഗങ്ങളിലായി റാഗിങ് നിരോധിച്ച കൊണ്ടുള്ള അറി യിപ്പും റാഗിങ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാ നടപടികളെ കുറിച്ചുള്ള അറിയിപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ